## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6015** — **19/11/2019-ൽ മറുപടിയ്ക്ക്**

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ടി.ജെ. വിനോദ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിശദമാക്കുമോ; ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാന സഹകരണ വകുപ്പിനു കീഴിൽ ജില്ലാ മൊത്ത വ്യാപാര സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായി പ്രവർത്തിച്ചു വരുന്ന കൺസ്യൂമർഫെഡ് ഇന്ന് അതിന്റെ പ്രവർത്തനം ഗ്രാമീണ മേഖലയിൽ കൂടി വ്യാപിപ്പിച്ച് ജനോപകാരപ്രദമായ നിരവധി സംരംഭങ്ങൾ ആരംഭിച്ച് പ്രവർത്തിക്കുന്നു. രൂക്ഷമായ വിലക്കയറ്റം തടയുക, നിത്യോപയോഗ സാധനങ്ങളുടെ വിപണിയിലെ ലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൺസ്യൂമർഫെഡ് സർക്കാർ ധനസഹായത്തോടെ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന ഉത്സവകാല ചന്തകൾ ഉൾപ്പെടെയുള്ള വിപണി ഇടപെടൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണി മാർക്കറ്റുകൾ, നീതിമെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി നോട്ട് ബുക്ക്, കംപ്യൂട്ടർ സ്റ്റേഷനറി നിർമ്മാണ യൂണിറ്റ്, ഇ-ത്രിവേണികൾ, വിദേശ മദ്യ ബീയർ വ്യാപാരം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ്, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് എന്നിവ കൺസ്യൂമർ ഫെഡിനുകീഴിൽ പ്രവർത്തിക്കുന്നു. അതിവിപുലമായ വിപണന ശൃംഖലകളുടെ ശക്തിപ്പെടുത്തൽ, ജനകീയ അംഗീകാരത്തിന്റെയും വിശ്വാസ്യതയുടെ തിരിച്ചു |

| | | | |
|---|---|---|---|
| | | | പിടിക്കൽ, കരുത്തുറ്റ സഹകാരി പിന്തുണയുടെ ഉറപ്പ് വരുത്തൽ, ജീവനക്കാരുടെ അർപ്പണ മനോഭാവം വളർത്തിയെടുക്കൽ, വ്യക്തതയോടുള്ള ശക്തമായ വിപണി ഇടപെടൽ, നിരന്തര അവലോകനം, കർശനമായ അച്ചടക്ക നടപടികൾ, സർക്കാർ പിന്തുണ ഉറപ്പ് വരുത്തൽ എന്നിവയാണ് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ. |
| (ബി) | സ്ഥിരം കസ്റ്റമേഴ്സിനെ ആകർഷിക്കുവാൻ ഏർപ്പെടുത്തിയ സ്മാർട്ട് കാർഡ് സംവിധാനം വിജയപ്രദമാണോ എന്നറിയിക്കാമോ; | (ബി) | സ്ഥിരം കസ്റ്റമേഴ്സിനെ ആകർഷിക്കുവാൻ ഏർപ്പെടുത്തിയ സ്മാർട്ട് കാർഡ് സംവിധാനം പൂർണ്ണമായും വിജയപ്രദമല്ല. |
| (സി) | കൺസ്യൂമർ ഫെഡിന്റെ നിലവിലെ സഞ്ചിത നഷ്ടം എത്രയാണ്; ഇത് കുറച്ച് കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നല്കമോ? | (സി) | കൺസ്യൂമർ ഫെഡിന്റെ നിലവിലെ സഞ്ചിത നഷ്ടം 628.47 കോടി രൂപയാണ്. ഇത് കുറച്ച് കൊണ്ട് വരുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെചേർക്കുന്നു.<br>കൺസ്യൂമർ ഫെഡിന്, കേരള സംസ്ഥാന സഹകരണ ബാങ്കില്ലുള്ള 238 കോടി രൂപയുടെ കട ബാദ്ധ്യത ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 215 കോടി രൂപയ്ക്ക് 31.12.2016 ന് തീർപ്പാക്കുകയുണ്ടായി. ഓവർഡ്രാഫ്റ്റ് ലഭ്യമാക്കിയിരുന്ന ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് വിറ്റുവരവ് തുക നിക്ഷേപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടും, ഇതുമൂലം പണത്തിന്റെ ക്രയവിക്രയങ്ങളിൽ ക്രമാതീതമായ നിയന്ത്രണം ഏർപ്പെടുത്തി വേണ്ട രീതിയിൽ പണത്തിന്റെ വിനിയോഗം തിട്ടപ്പെടുത്തുന്നതിലൂടെ സ്ഥാപനത്തിന്റെ ലാഭശതമാനം ഉയർത്തുന്നതിന് സാധിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന നന്മ സ്റ്റോറുകൾ, ത്രിവേണികൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ നിർത്തലാക്കുകയും, ലാഭകരമായ സ്ഥലങ്ങളിൽ ത്രിവേണികൾ |

| | | | |
|---|---|---|---|
| | | | പുനസ്ഥാപിക്കുകയും ചെയ്തു. നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി ചില ഗോഡൗണുകൾ നിർത്താലാക്കുക, ദിവസ വേതന ജീവനക്കാരെ ഒഴിവാക്കുക, അനാവശ്യ ചെലവുകൾ ഒഴിവാക്കുക, ഉചിതമായ നിർദ്ദേശങ്ങളിലൂടെ മുൻകാലങ്ങളിൽ ഉണ്ടായ അധിക ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തുക തുടങ്ങിയ കർശന നിയന്ത്രണങ്ങളിലൂടെ സ്ഥാപനത്തെ ലാഭകരമാക്കുന്നതിന് സാധിച്ചു. |

സെക്ഷൻ ഓഫീസർ.